എൻ. എച്ച്. 47-ന്റെ പണി

1164. [1760] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എച്ച്. 47-ന്റെ പണിക്കുവേണ്ടി 1986-87-ൽ ലഭിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത തുകയിൽ 30-9-1986 വരെ എത്രകിലും തുക ചെലവഴിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര ?

ഉത്തരം

(എ) 1986-87 സാമ്പത്തിക വർഷത്തിൽ എൻ. എച്ച്. വിഭാഗത്തിന്റെ പണിക്കുവേണ്ടി മൊത്തം 11 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 1,99,93,929 രൂപ.

പുല്ലാട്-ചെറുകോൽപ്പുഴ-ഇടപ്പാവൂർ-റാന്നി റോഡിന്റെ ടാറിടൽ പണി

1165. [1761] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പത്തനംതിട്ട ജില്ലയിൽപ്പെട്ട പുല്ലാട് ചെറുകോൽപ്പുഴ-ഇടപ്പാവൂർ വഴി റാന്നിയിലേക്കുള്ള റോഡിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് ടാറിടാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

കുമ്പനാട് നിന്നും തുടങ്ങി ചെറുകോൽപ്പുഴ വഴി റാന്നിയിൽ എത്തിച്ചേരുന്ന ഈ റോഡ് ടാർ ചെയ്തതാണ്. ഈ റോഡിന്റെ ഈ വർഷത്തെ മെയിന്റനൻസ് പണികളും ആരംഭിക്കുവാനുള്ള നടപടികളും കൈക്കൊണ്ടിട്ടുണ്ട്.

തേവള്ളി പാലം

1166. [1763] ശ്രീ. തോപ്പിൽ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തേവള്ളി പാലത്തിന്റെ പണി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന് എത്ര രൂപ ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ?

ഉത്തരം

(എ) 1987 മേയ് മാസത്തിൽ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉദ്ദേശം 51.51 ലക്ഷം രൂപ.

LIBRARY ARCHIVES Kerala Legislative Assembly